അബ്ദുല്ലത്വീഫ് കൊടുവള്ളി

# ഹൗദുൽ കൗസറിന്റെ മതവും രാഷ്ട്രീയവും

عَنْ كَعْب بن عُجْرَة قَالَ : قَالَ لِي رَسُول الله ﷺ : أُعِيذُكَ بِاللهِ يَا كَعْبَ بْنَ عجْرَة مِنْ أُمَرَاءَ يَكُونُونَ بَعْدِي، فَمَنْ غَشِيَ أَبْوَابَهُمْ فَصَدَّقَهُمْ فِي كَذِبِهِمْ وَأَعَانَهُمْ عَلَى ظُلْمِهِمْ فَلَيْسَ مِنِّي وَلَسْتُ مِنْهُ وَلَا يرِدُ عَلَيَّ الْحَوْضِ، وَمَنْ غَشِيَ أَبْوَابَهُمْ أَوْلَمْ يَغْشَ فَلَمْ يُصَدِّقْهُمْ فِي كَذِبِهِمْ وَلَمْ يُعِنْهُمْ عَلَى ظُلْمِهِمْ فَهُوَ مِنِّي وَأَنَا مِنْهُ وَسَيَرِدُ عَلَيَّ الْحَوْضِ

**കഅ്ബുബ്നു ഉജ്റഃ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "എന്റെ കാലശേഷം വരാനിരിക്കുന്ന ചില ഭരണാധികാരികളിൽനിന്ന് ഞാൻ താങ്കൾക്ക് വേണ്ടി അല്ലാഹുവിനോട് അഭയം തേടുന്നു. ആരെങ്കിലും അവരുടെ വാതിലുകൾക്ക് മുമ്പിൽ പൊതിഞ്ഞു നിൽക്കുകയും അവരുടെ കളവുകളിൽ അവരെ സത്യപ്പെടുത്തുകയും അക്രമത്തിന് അവരെ സഹായിക്കുകയും ചെയ്താൽ അവൻ എന്നിൽ പെട്ടവനല്ല, ഞാൻ അവനിൽ പെട്ടവനുമല്ല. അവൻ ഹൗദുൽ കൗസറിൽ ജലപാനത്തിനെത്തില്ല (വെള്ളം നിഷേധിക്കപ്പെടും). ആരെങ്കിലും അവരുടെ കവാടങ്ങളിൽ പൊതിഞ്ഞുനിന്നും നിൽക്കാതെയും അവരുടെ കളവിനെ സത്യപ്പെടുത്താതിരിക്കുകയും അവരുടെ അക്രമത്തെ സഹായിക്കാതിരിക്കുകയുമാണെങ്കിൽ, അയാൾ എന്നിൽ പെട്ടവനാണ്, ഞാൻ അവനിൽ പെട്ടവനുമാണ്, അയാൾ ജലപാനത്തിന്നെത്തുന്നതുമാണ്" (തിർമുദി).**

**ഖുർആനിലെ** 108-ാം അധ്യായമായ *അൽകൗസർ,* അല്ലാഹു നബിക്ക് നൽകിയ വർധിച്ച അനുഗ്രഹങ്ങളെ കുറിക്കുന്നപോലെ, സ്വർഗത്തിൽ അല്ലാഹു നബിക്ക് മാത്രമായി നൽകുന്ന അരുവി അഥവാ തടാകത്തെയും പ്രതിനിധീകരിക്കുന്നുണ്ട്. അതിലെ വെള്ളം പാലിനേക്കാൾ വെളുത്തതും തേനിനേക്കാൾ മധുരതരവും അതിന്റെ വാസന കസ്തൂരിയേക്കാൾ സുഗന്ധപൂർണവുമായിരിക്കുമെന്ന് ഹദീസുകളിൽ കാണാം. എന്നാൽ, നബിയുടെ കാലശേഷം ഇസ്‌ലാമിൽ അനാചാരങ്ങൾ ഉണ്ടാക്കിത്തീർത്തവർക്ക് അതിൽനിന്ന് ജലപാനം വിലക്കപ്പെട്ടിരിക്കും. നബി(സ) പ്രസ്താവിക്കുന്നു: "ഞാൻ നിങ്ങൾക്കു മുമ്പായി 'ഹൗദുൽ കൗസറി'ന്റെ അടുത്തെത്തും. കടന്നു പോകുന്നവർക്കെല്ലാം ഞാൻ കുടിക്കാൻ നൽകുന്നതാണ്. കുടിച്ചവർക്കാർക്കും ഒരിക്കലും ദാഹിക്കുകയില്ല. നിശ്ചയമായും, ചിലയാളുകൾ എന്റെയടുത്ത് വരും. എനിക്കറിയുന്നവരും എന്നെ അറിയുന്നവരുമായിരിക്കും അവർ. എനിക്കും അവർക്കുമിടയിൽ തടസ്സം ഉയർത്തപ്പെടും. അപ്പോൾ ഞാൻ പറയും: അവർ എന്റെ കൂട്ടത്തിൽ ഉൾപ്പെട്ടവർ തന്നെയാണ്. അപ്പോൾ, 'താങ്കൾക്കറിയില്ല, താങ്കൾക്ക് ശേഷം ഇവർ എന്തൊക്കെയാണ് ഉണ്ടാക്കിത്തീർത്തതെന്ന്' എന്നായിരിക്കും മറുപടി ലഭിക്കുക. അന്നേരം ഞാൻ പറയും: നാശം! നാശം! എനിക്കുശേഷം എന്റെ നടപടികളെ മാറ്റിത്തിരുത്തിയവർ!'' (ബുഖാരി, മുസ്‌ലിം). മതപരമെന്ന് സാധാരണയായി നാം മനസ്സിലാക്കുന്ന അനാചാരപരമായ അപരാധങ്ങളാണ് ഇവിടെ വിവക്ഷ.

എന്നാൽ, രാഷ്ട്രീയ മേഖലയിൽ ഭരണാധികാരികളുടെ നേരെ ജാഗ്രത പുലർത്താതെയും, അവരുടെ തെറ്റുകൾ തിരുത്താൻ ശ്രമിക്കാതെയും അവരുടെ തെറ്റുകളെയും അക്രമങ്ങളെയും വെള്ള പൂശുന്നവരെ ശക്തമായി താക്കീത് നൽകുന്നതാണ് മേൽ ഹദീസ്. ഭരണാധികാരികളെ നേർവഴിക്ക് നടത്താൻ ബാധ്യസ്ഥരായ മതപണ്ഡിത സംഘടനകൾ പോലും അത്തരം ഭരണാധികാരികളെ പിന്തുണക്കാൻ മത്സരിക്കുന്ന കെട്ടുകാഴ്ചകളാണ് പൊതുവെ ലോകത്ത് നാം കാണുന്നത്. ജനങ്ങളുടെ മൗലികാവകാശങ്ങൾ ഭരണാധികാരികളാൽ നിഷേധിക്കപ്പെട്ടാലും, അവരുടെ ധർമവിരുദ്ധ പ്രവർത്തനങ്ങളാൽ ഇസ്‌ലാമിന്റെ പ്രതിഛായ തകർന്നാലും തങ്ങളുടെ നിക്ഷിപ്ത താൽപര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നേ പൊതുവേ പണ്ഡിതന്മാർക്കുള്ളൂ. ഇസ്‌ലാമിക ചരിത്രത്തിൽ രാഷ്ട്രീയത്തിൽ സൃഷ്ടിപരമായി ഇടപെട്ടവരും സ്വാർഥ താൽപര്യങ്ങൾക്ക് വേണ്ടി പിന്നിൽനിന്ന് കുത്തിയവരും പണ്ഡിതന്മാരിൽ തന്നെയുണ്ടല്ലോ. മധ്യ പൗരസ്ത്യ നാടുകളിലെ ഭരണാധികാരികൾക്കെതിരെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ജനകീയ പ്രക്ഷോഭങ്ങൾ പോലും 'മത രാഷ്ട്രവികാരപര'മെന്നു പറഞ്ഞ് വിലകുറച്ച് കാണിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് ഇവിടത്തെ ചില മത പണ്ഡിതസംഘടനകളാണെന്നത് ശ്രദ്ധേയമാണ് (ലഭ്യമായ റിപ്പോർട്ടുകൾ വെച്ചു നോക്കുമ്പോൾ മതപണ്ഡിതന്മാരോ നേതാക്കളോ അല്ല, സഹികെട്ട ജനങ്ങൾ തന്നെയാണ് പ്രക്ഷോഭങ്ങൾക്ക് മുന്നിൽ എന്ന് മനസ്സിലാവുന്നു). മുസ്‌ലിംകൾ ആരാധനാപരം മാത്രമായ വിഷയങ്ങളിൽ ഒതുങ്ങി കൂടേണ്ടവരല്ലെന്നും ഭൗതിക ജീവിതമേഖലയിലെ ഭരണമുൾപ്പെടെയുള്ള രംഗങ്ങളിൽ ഇടപെടേണ്ടവരാണെന്നും പഠിപ്പിക്കുന്ന മേൽ ഹദീസ്, രാഷ്ട്രീയത്തെയും രാഷ്ട്രീയ ഇടപെടലുകളെയും സ്വർഗവുമായി നേരിട്ട് ബന്ധിപ്പിക്കുന്ന പാലമായാണ് വർത്തിക്കുന്നത്.

ഹദീസിലെ ആശയം ജനകീയ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്നവർക്കും പങ്കാളിത്തം വഹിക്കുന്നവർക്കും ഉത്തേജനവും ആഹ്ലാദവും പകരുന്നതാണ്. ■